Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

All Kerala Press Release
*Ref: 825/KCBC/K-6/KPR/DS*

9.12.2021

## ആഗോള സിനഡിന് ഒരുക്കമായി 'സഭാനവീകരണകാലം' ആചരിക്കും: കെസിബിസി

കൊച്ചി: സിനഡാത്മക സഭയ്ക്കുവേണ്ടി ഫ്രാൻസിസ് മാർപാപ്പ പ്രഖ്യാപിച്ചിട്ടുള്ള 2021-2023-ലെ സിനഡിന്റെ പശ്ചാത്തലത്തിൽ കേരള കത്തോലിക്കാസഭയിൽ നവീകരണവർഷങ്ങൾ ആചരിക്കാൻ കെസിബിസിയുടെ ശീത കാലസമ്മേളനം തീരുമാനിച്ചു. സിനഡാത്മകതയും സഭാനവീകരണവും, 2022-2025 എന്ന പേരിലായിരിക്കും ഈ ആചരണം നടത്തുക. ഇതേക്കുറിച്ചുള്ള വിശദമായ അറിയിപ്പ് പിന്നീട് നല്കുന്നതാണ്. വിശുദ്ധ പൗലോസ് ശ്ലീഹ എഫേസൂസിലെ സഭയ്ക്ക് എഴുതിയ ലേഖനത്തെ അടിസ്ഥാനപ്പെടുത്തി സഭയെകുറിച്ച് കൂടുതൽ ആഴ ത്തിൽ പഠിക്കുന്നതിന് വൈദികർക്കും സന്യസ്തർക്കും അല്മായർക്കും ഇത് അവസരം ഒരുക്കും. വ്യക്തിക ളിലും ഇടവകകളിലും സ്ഥാപനങ്ങളിലും സഭയുടെ മറ്റ് എല്ലാ തലങ്ങളിലും ആത്മീയ നവീകരണം സാധ്യമാ ക്കുകയെന്നതാണ് ഇതിന്റെ ലക്ഷ്യം.

കേരളത്തിലെ ക്രൈസ്തവർക്കു മാത്രമായി ഒരു വിവാഹ നിയമം ഉണ്ടാക്കേണ്ട സാഹചര്യം നിലവിലില്ലാതിരിക്കെ, സംസ്ഥാന നിയമപരിഷ്ക്കരണ കമ്മീഷൻ ക്രൈസ്തവ വിവാഹ നിയമ നിർമ്മാണത്തിനുവേണ്ടി ഒരു ബില്ല് തയ്യാറാക്കി നൽകിയിരിക്കുന്നത് ദുരുദ്ദേശപരമാണ്. നാളിതുവരെ ക്രൈസ്തവർ ആരും തന്നെ നിലവിലെ വിവാഹനിയമത്തെ ചോദ്യം ചെയ്തിട്ടില്ല. പൗരന്റെ മതസ്വാതന്ത്ര്യത്തെ ഹനിക്കുന്നതും അനാവശ്യവുമാണ് ഈ നീക്കം. ക്രൈസ്തവ സമൂഹത്തിന്റെ കെട്ടുറപ്പിനെ ശിഥിലമാക്കാനുള്ള ചില ശക്തികളുടെ ശ്രമം ഇതിന്റെ പിന്നിലുണ്ടെന്നു സംശയിക്കുന്നതിൽ തെറ്റില്ല.

തീരദേശനിവാസികളുടെ ആശങ്കകൾ ഗൗരവമായി കാണുവാൻ ബന്ധപ്പെട്ടവർ താല്പര്യമെടുക്കണം. കേരള ഹൈക്കോടതി ഈ അടുത്തകാലത്ത് പുറപ്പെടുവിച്ച വിധി ശ്രദ്ധേയമാണ്. തീരശോഷണത്തിന്റെ കാരണങ്ങളും അത് ഉയർത്തുന്ന പ്രത്യാഘാതങ്ങളും തീരപരിപാലന വിജ്ഞാപനം ഉയർത്തുന്ന പ്രതിസന്ധികളും പരിഗണിച്ച കോടതി സർക്കാരിനോട് പരാതികളിന്മേൽ സത്വരമായ നടപടികൾ സ്വീകരിച്ച് തീരദേശവാസികളുടെ ആശങ്ക ശാശ്വതമായി പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടു. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട സർക്കാർ ഇക്കാര്യത്തിൽ പെട്ടന്നു തന്നെ തീരുമാനമെടുക്കണം.

മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയെക്കുറിച്ചുള്ള ജനങ്ങളുടെ ആശങ്ക പരിഹരിക്കേണ്ട ഉത്തരവാദിത്വം സർക്കാ രിനുണ്ട്. കേരളത്തിലെ ജനങ്ങളുടെ സുരക്ഷതത്വം ഉറപ്പുവരുത്താൻ ആവശ്യമായ നടപടികൾ സത്വരമായി സ്വീകരിക്കാൻ സർക്കാർ തയ്യാറാകണം.

ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സുവർണ്ണജൂബിലി അർത്ഥവത്തായി ആചരിക്കാൻവേണ്ട നിർദേശ ങ്ങൾ പ്രസിഡന്റ് ഫാ. സുജൻ അമൃതത്തിന് നല്കി.

പൗരോഹിത്യ സുവർണ്ണജൂബിലിയുടെയും മെത്രാഭിഷേക രജതജൂബിലിയുടെയും നിറവിൽ ആയിരിക്കുന്ന മേജർ ആർച്ചുബിഷപ് മാർ ജോർജ് ആലഞ്ചേരി, പൗരോഹിത്യ സുവർണ്ണജൂബിലി നിറവിൽ ആയിരിക്കുന്ന ആർച്ചുബിഷപ് മാർ ജോർജ് ഞറളക്കാട്ട്, ബിഷപ് മാർ ജേക്കബ് മനത്തോടത്ത്, മെത്രാഭിഷേക രജതജൂബിലി ആഘോഷിക്കുന്ന ബിഷപ് വിൻസന്റ് സാമുവൽ എന്നിവരെ പൊന്നാട അണിയിച്ച് ആദരിച്ചു.

PRESIDENT
His Beatitude
MAR GEORGE CARDINAL ALENCHERRY
Major Archbishop of Syro Malabar Church
Mount St. Thomas P.B.No. 3110, Kakkanad
Kochi 682 030
Ph: 0484-2424768, 2424780, 2425727
Fax: 0484-2422727
E-mail: bpalencherry@yahoo.co.in

VICE-PRESIDENT
His Excellency
RT. REV. DR. VARGHESE CHAKKALAKAL
Bishop of Calicut
Bishop's House, Malaparamba
Kozhikode 673 009.
Ph: 0495 2370313, 2370271
Fax: 0495 2377013
E-mail: calicut_diocese@yahoo.com

SECRETARY GENERAL
DR. JOSEPH MAR THOMAS
Bishop of Bathery,
Catholic Bishop's House
Bathery, Dharmapitam
Wayanad 673 592.
Ph: 04936 220207, Fax: 04936 221287
E-mail: bishopbty@gmail.com

DEPUTY SECRETARY GENERAL
FR. JACOB G. PALACKAPPILLY
P.O.C., P. B. No. 2251
Palarivattom, Kochi-682025
Ph: 0484-2805815, 2805722
Fax: 2806214
Email: jacobgpala@gmail.com

ഇന്ത്യയുടെ സംയുക്ത സേനാതലവൻ ശ്രീ വിപിൻ റാവത്തിന്റെ അപകടമരണത്തിൽ കെസിബിസി അനുശോചനം രേഖപ്പെടുത്തി.

കാലാവധി പൂർത്തിയായതിനാൽ സ്ഥാനമൊഴിയുന്ന കമ്മീഷൻ സെക്രട്ടറിമാർക്ക് കെസിബിസി സമ്മേളനം നന്ദി രേഖപ്പെടുത്തി. ഒഴിവുകളിലേക്ക് പുതിയ സെക്രട്ടറിമാരെ തെരഞ്ഞെടുത്തു. ഹെൽത്ത് കമ്മീഷൻ സെക്രട്ടറിയായി റവ. സി. ഡോ. ലില്ലിസാ SABS, ബൈബിൾ കമ്മീഷൻ സെക്രട്ടറിയായി റവ. ഫാ. ജോജു കൊക്കാട്ട്, ഫാമിലി കമ്മീഷൻ സെക്രട്ടറിയായി റവ. ഫാ. ക്ലീറ്റസ് കതിർപറമ്പിൽ, അൽമായ കമ്മീഷൻ സെക്രട്ടറിയായി പ്രൊഫ. കെ. എം. ഫ്രാൻസീസ്, സാരഥിയുടെ ഡയറക്ടറായി റവ. ഫാ. ഷിന്റോ, ജീസസ് ഫ്രട്ടേർണിറ്റിറ്റിയുടെ ഡയറക്ടറായി റവ. ഫാ. മാർട്ടിൻ തട്ടിൽ, CLC യുടെ പ്രമോട്ടറായി റവ. ഫാ. ഫ്രജോ വാഴപ്പിള്ളി, പാസ്റ്ററൽ ട്രെയിനിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡീൻ ഓഫ് സ്റ്റഡീസ് ആയി റവ. ഫാ. ടോണി കോഴിമണ്ണിൽ, എന്നിവരെ പുതുതായി നിയമിച്ചു. വനിതാകമ്മീഷൻ മീഡിയാ കമ്മീഷൻ, ലേബർ കമ്മീഷൻ, യൂത്ത് കമ്മീഷൻ, കെസിഎസ്എൽ എന്നീ കമ്മീഷൻ സെക്രട്ടറിമാരുടെ സേവന കാലാവധി അടുത്ത മൂന്നുവർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നല്കി.

**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./
ഡയറക്ടർ, പി.ഒ.സി.